# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *47 — 27/02/2018-ൽ മറുപടിക്ക്

### വൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോർജ് എം. തോമസ്**<br>**,, ജെയിംസ് മാത്യു**<br>**,, എം. മുകേഷ്**<br>**,, ഡി.കെ. മുരളി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടന്നിരുന്ന ഏതെല്ലാം വൈദ്യുത പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW) ചാത്തൻകോട്ടുനട-II (6 MW) തോട്ടിയാർ (40 MW) എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.<br>മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടന്നിരുന്നതും ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചിട്ടുള്ളതുമായ പ്രസരണ പദ്ധതികൾ താഴെ പ്പറയുന്നവയാണ്.<br>1. 110 കെ.വി.മന്നം - ചെറായി ലൈൻ നിർമ്മാണം.<br>2. 110 കെ.വി.ചെട്ട്യാർമേട് - പരപ്പനങ്ങാടി ലൈൻ നിർമ്മാണം. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു കീഴിൽ താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| 1 | വെള്ളത്തൂവൽ | 3.6 MW | 12.17 ദശലക്ഷം യൂണിറ്റ്. |
| 2 | പെരുന്തേനരുവി | 6.0 MW | 25.77 ദശലക്ഷം യൂണിറ്റ് |
| | ആകെ | 9.6 MW | 37.94 ദശലക്ഷം യൂണിറ്റ്. |

| | | | |
|---|---|---|---|
| | | | സ്വകാര്യ മേഖലയിൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ അനുവദിച്ച രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ (1) 4.5 MW ന്റെ കാരിക്കയം (രണ്ടാം ഘട്ടം) (ii) 8 MW പാതംകയം എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി, നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി ചുരുങ്ങിയത് രണ്ടു മാസത്തിലൊരിക്കൽ കൂടുകയും പുരോഗതി വിലയിരുത്തുകയും, തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഗണിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുകയും, പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും വിലയിരുത്തുന്നതിനായി രൂപീകരിച്ച പ്രോജക്ട് മോണിറ്ററിംഗ് സെൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.<br>നിർമ്മാണത്തിലിരിക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകനയോഗം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ